7148 (2248) ഇടവരമ്പ് പട്ടികജാതി-പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വയക്കര പഞ്ചായത്തിൽ പുളിങ്ങോം വില്ലേജിൽ ഇടവരമ്പ് പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിൽ സ്ഥിരം താമസക്കാരായവർ പട്ടയം കിട്ടുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) അപേക്ഷയിന്മേൽ നടപടിൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ:

(സി) ഇല്ലെങ്കിൽ പട്ടയം കൊടുക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒ. പി. 21188/99 പ്രകാരം കേസ്സ് നിലവിലുണ്ട്. കോടതി നടപടികൾ പൂർത്തിയായാൽ മാത്രമേ ടി അപേക്ഷയിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

കണ്ണൂർ ജില്ലയിലെ വെസ്റ്റ് പൊയ്ലൂരിൽ ചന്ദ്രൻ എന്ന ആളിന്റെ വീട്ടിലുണ്ടായ ബോംബ് സ്ഫോടനം

[9.30 AM] മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... കണ്ണൂർ ജില്ലയിൽ വെസ്റ്റ് പൊയ്ലൂർ ചന്ദ്രന്റെ വീട്ടിൽ ബോംബ് സ്ഫോടനം നടക്കുകയും രണ്ടു കുട്ടികൾക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തതിനെ തുടർന്ന് പ്രസ്തുത പ്രദേശത്തു നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം റൂൾ 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. സി. ജോസഫ്, സർവ്വശ്രീ. നാലകത്തുസൂപ്പി സർവ്വശ്രീ. തോമസ് ചാഴികാടൻ, സർവ്വശ്രീ ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, തികച്ചും ദൗർഭാഗ്യകരമായ ഒരു സംഭവത്തെ സംബന്ധിച്ചാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കണ്ണൂർ പൊയ്ലൂരിൽ ചന്ദ്രന്റെ വീട്ടിനു മുൻപിൽ കളിച്ചുകൊണ്ടിരുന്ന ഷിബിൻ, ഷിജിൻ എന്നീ കുട്ടികൾക്ക് പൊട്ടിത്തെറിയിൽ പരിക്കു പറ്റുകയുണ്ടായി. ആദ്യം അവരെ തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റലിലും പിന്നീട് വിദഗ്ധമായ ചികിത്സയ്ക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും അഡ്മിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുകയാണ്. 10-3-2000 കാലത്ത് 9 മണിക്കാണ് ഈ സംഭവം ഉണ്ടായത്. ഇതിനെ സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമം 324-ാം വകുപ്പുപ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട് പ്രകാരവും ക്രൈം 26/2000 നമ്പരായി കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ആ സ്ഫോടകവസ്തു, അവിടെ വീട്ടിനടുത്തുള്ള ഒഴിഞ്ഞ പറമ്പിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട ആ നാടൻ ഏറുപടക്കം, കുട്ടികൾ എടുത്ത് കളിക്കുന്നതിനിടയിലാണ് സംഭവമുണ്ടായത്. വിഷമമുള്ള കാര്യമാണിത്. സന്തോഷത്തോടുകൂടി പറയേണ്ട വർത്തമാനമാണോ ഇത്. സംഭവത്തെ തുടർന്ന് പരിസരമാകെ പോലീസ് തിരച്ചിൽ നടത്തിയിട്ടുണ്ട്. ആ സ്ഫോടകവസ്തു അവിടെ ഉണ്ടായ സാഹചര്യത്തെക്കുറിച്ചും അതിനുള്ള ഉത്തരവാദി ആരാണെന്ന് കണ്ടെത്തുന്നതിനും ഊർജ്ജിതമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ അവിടെ ഒരു സംഘർഷാവസ്ഥയും നിലവിലില്ല. ഇത്തരം ഒറ്റതിരിഞ്ഞ സംഭവങ്ങൾ നമ്മൾ ചർച്ച ചെയ്ത് വളരെ പെരുപ്പിച്ച് കൂടുതൽ ആപത്തുണ്ടാക്കിത്തീർക്കരുതെന്ന് വളരെ വിനയപുരസ്സരം ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്തരം ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകും. ആ സംഭവങ്ങൾ സാമാന്യവൽക്കരിച്ച് കൂടുതൽ അപകടമുണ്ടാക്കാതെയിരിക്കാൻ എല്ലാവരുടെയും സഹായം വേണം. ആരാണ് അതിനു ഉത്തരവാദി, ആരാണ് അത് അവിടെ കൊണ്ടുവന്നത്, ആരുടേതാണ് ആ പടക്കം- ഇതെല്ലാം തെളിയാൻ പോവുകയാണ്. യാതൊരു സംശയവുമില്ല. അതുകൊണ്ട് അവിടെ ഒരു സംഘർഷവും നിലവിലില്ല. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ.സി. ജോസഫ്</u> : മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി ഇവിടെ നടത്തിയ പ്രസ്താവനതന്നെ ഒരു ചർച്ച ആവശ്യമാണെന്നതിന്റെ സൂചനയാണ്. അദ്ദേഹം എന്തോ മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ്. കേരളത്തിലെ വാർത്താ മാധ്യമങ്ങളെല്ലാം ബോംബ് സ്ഫോടനം എന്നു പറഞ്ഞ കാര്യം അദ്ദേഹത്തിന്റെ മറുപടിയിൽ ഏറുപടക്കമായി മാറിയതുതന്നെ എന്തൊക്കെയോ മറച്ചുവയ്ക്കാനുള്ള ഒരു ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമാണ്. ഇവിടെ ചർച്ച ചെയ്ത് കാര്യങ്ങൾ വഷളാക്കാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. പക്ഷേ ഇനിയും ഈ സഭയിൽ കണ്ണൂരിലെ സംഭവങ്ങൾ ചർച്ച ചെയ്യാതിരിക്കാനുള്ള സാഹചര്യം ഉണ്ടാകണമെങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. സംഘർഷം ആളിക്കത്തുന്ന കണ്ണൂർ ജില്ലയിൽ അക്രമസംഭവങ്ങൾ മാറിയും മറിഞ്ഞും വന്നുകൊണ്ടിരിക്കുകയാണ്. അവസാനം പൊയ്ലൂരിലുണ്ടായ ബോംബ് സ്ഫോടനം ഭയവിഹ്വലമായ ഒരു സാഹചര്യമാണ് കണ്ണൂരിൽ ഉണ്ടാക്കിയിരിക്കുന്നത്. കണ്ണൂരിലെ എല്ലാ പത്രങ്ങളും ഒന്നാം പേജിലെ വാർത്തയായിട്ട് ഇതെഴുതി. പക്ഷേ നിർഭാഗ്യവശാൽ എഡിഷനായതുകൊണ്ട് പല വാർത്തയും ഈ ഭാഗത്തേക്ക് വരുന്നില്ല. മലയാള മനോരമ ഈ സംഭവം റിപ്പോർട്ട് ചെയ്തത് ഞാൻ വായിക്കാം. "സി.പി.എം. നേതാവിന്റെ വീട്ടിൽ ബോംബ് സ്ഫോടനം. രണ്ടു കുട്ടികൾക്ക് പരിക്കേറ്റു. തലശ്ശേരി സെൻട്രൽ പൊയ്ലൂരിൽ സി.പി.എം. ബ്രാഞ്ച് സെക്രട്ടറിയുടെ വീട്ടിലുണ്ടായ ബോംബ് സ്ഫോടനത്തിൽ രണ്ടു കുട്ടികൾക്ക് ഗുരുതരമായ പരിക്കേറ്റു. പുല്ലായിത്തോട്ടിലെ ചന്ദ്രന്റെ മക്കളായ ഷിബിൻ, ഷിജിൻ എന്നിവരെ പരിക്കുകളോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു." ഇത് മനോരമയിൽ വന്ന വാർത്തയാണ്. മാതൃഭൂമി ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്. "കളിക്കുന്നതിനിടയിൽ ബോംബുപൊട്ടി കുട്ടികൾക്ക് പരിക്ക്. സി.പി.എം. ബ്രാഞ്ച് സെക്രട്ടറിയുടെ വീട്ടിന്റെ തിണ്ണയിൽ കളിക്കുന്നതിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായ ബോംബ് സ്ഫോടനത്തിൽ സഹോദരങ്ങൾക്ക് പരിക്കേറ്റു. പുരയിടത്തിൽ നിന്നും കിട്ടിയതെന്ന് കരുതുന്ന ഉരുണ്ട വസ്തു ബോംബാണെന്ന് അറിയാതെ കളിക്കുകയായിരുന്നു'' ഇത് നിസ്സാരമായ സംഭവമാണോ? ഈ സംഭവങ്ങളെല്ലാം ഒരു തുടർക്കഥയാണ്. ഏതാനും ആഴ്ചകൾക്കുമുമ്പ് പുല്ലിയോട് ഒരു വീട്ടിന്റെ മുമ്പിൽ ഒരു ഷെഡ്ഡിൽ ബോംബു സ്ഫോടനമുണ്ടായി, രണ്ടുപേർ മരിച്ചു. രണ്ടുപേർക്ക് പരിക്കേറ്റു. പലരുടേയും കൈപ്പത്തി നഷ്ടപ്പെട്ടു. സി.പി.എം. അന്നുപറഞ്ഞു ആർ. എസ്.എസ്.ന്റെ ആക്രമണമാണെന്ന്. പക്ഷേ സംഭവത്തിന്മേൽ അന്വേഷണം നടത്തിയപ്പോൾ മരിച്ചവരുടെ മുഖത്തും കൈപ്പത്തിയിലുമാണ് പരിക്ക്. രണ്ടു പേരുടെ കൈപ്പത്തി പോയി. ബോംബ് നിർമ്മാണത്തിലാണെന്ന് ബോധ്യമായപ്പോൾ അന്വേഷണം നിർത്തി അന്വേഷണം അവസാനിച്ചു. ആർ. എസ്.എസ്. ആക്രമണങ്ങൾ എന്നുപറഞ്ഞ് പ്രചരിപ്പിച്ച ആ സംഭവത്തിൽ ആർ.എസ്.എസ്. ആണ് പ്രതികളെങ്കിൽ അറസ്റ്റുചെയ്യണ്ടേ? സി.പി.എം. നേതാവിന്റെ വീട്ടിൽ ബോംബു നിർമ്മാണത്തിലാണ് പൊട്ടലുണ്ടായതെന്നു വന്നപ്പോൾ അന്വേഷണം അവസാനിക്കുന്നു. ഈ സംഭവത്തിനും ആ ഗതിയുണ്ടാകാൻ പോവുകയാണ്. കണ്ണൂരിൽ കഴിഞ്ഞ കുറെ ദിവസങ്ങളായി പല അക്രമ സംഭവങ്ങൾ ഉണ്ടായി. കഴിഞ്ഞദിവസം ചക്കരക്കൽ ജനകീയ ബസ്ഷെൽറ്റർ പുലർച്ചെ മൂന്നര മണിയോടുകൂടി തീവച്ച് നശിപ്പിച്ചു. കഴിഞ്ഞമാസം കൊയ്യോട് സി.പി.എം. പ്രവർത്തകൻ സജീവന്റെ കൊലപാതകമുണ്ടായി. ഡിസംബർ 6-ന്റെ സമാധാനയോഗം കഴിഞ്ഞ് എല്ലാവരും ആഗ്രഹിച്ചതും വിചാരിച്ചതും കണ്ണൂരിലെ സംഘർഷം അവസാനിക്കുമെന്നാണ്. മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറസിനു ശേഷവും അതിനുമുൻപും മുഖ്യമന്ത്രി ആർ.എസ്.എസ്. നേതാക്കന്മാരുമായി കണ്ണൂർ ഗസ്റ്റ് ഹൗസിൽ വച്ച് രഹസ്യമായ സംഭാഷണം നടത്തി. രഹസ്യധാരണകളുണ്ടാക്കി. അതിന്റെ ഫലമായാണെന്നുപറയുന്നു ചില ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയത്. ഇപ്പോൾ കണ്ണൂരിൽ ജില്ലാ പോലീസ് സൂപ്രണ്ടാകാൻ ആരും തയ്യാറാകുന്നില്ല.

പോലീസിന് സ്വാതന്ത്ര്യമില്ല. പോലീസിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. അവിടെ ബോംബ് കണ്ടെത്തുവാൻ വേണ്ടി ഡി.ഐ.ജി.വിൻസന്റ് പോളിന്റെ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡ് ഉണ്ടാക്കി. ആ സ്ക്വാഡ് വളരെ പ്രശസ്തമായി പ്രവർത്തിച്ചു. അവ വ്യാപകമായി തെരച്ചിൽ നടത്തി. ഈ അസംബ്ലി സമ്മേളനത്തിൽ 21-2-2000-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് തന്ന ഉത്തരത്തിൽ പറഞ്ഞത്, ജില്ലയിൽ ആയുധങ്ങൾ കണ്ടെത്തുന്ന സംഭവവുമായി ബന്ധപ്പെട്ട 32 കേസുകൾ രജിസ്റ്റർ ചെയ്തു എന്നാണ്. എത്ര പേരെ അറസ്റ്റു ചെയ്തു എന്നചോദ്യത്തിന് മൂന്നുപേരെ അറസ്റ്റുചെയ്തു എന്നാണ് ഉത്തരം. എവിടെയാണ് ബോംബ് പിടിത്തം? സി.പി.എമ്മിന്റെയും ആർ.എസ്. എസ്സിന്റെയും ഓഫീസുകളിൽനിന്ന് രക്തം പുരണ്ട കഠാരകൾ അടക്കം കണ്ടെത്തിയില്ലേ? ഈ സംഭവങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾ ഇതെല്ലാം മൂടിവയ്ക്കുകയല്ലേ; ഇതെല്ലാം മറച്ചു വയ്ക്കുകയല്ലേ : ശ്രീ. പി. ആർ. കുറുപ്പ് ഇവിടെ ഇല്ല. അദ്ദേഹത്തിന്റെ മാനേജുമെന്റിലുള്ള പാന്തൂർ സ്കൂളിൽ സ്ഫോടനമുണ്ടായി. 1998 ജൂൺ മാസത്തിൽ. ഈ സഭയിൽ ബഹു. മുഖ്യമന്ത്രി പറഞ്ഞു ആ സ്ഫോടനവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കാരണം അറിവായിട്ടില്ല എന്ന്. എറണാകുളത്ത് റോസ് ജുവലറിയിൽ ഉണ്ടായ സംഭവം അന്വേഷിച്ച് മണിക്കൂറിനുള്ളിൽ കുറ്റവാളികളെ കണ്ടെത്തുവാൻ ചാതുര്യം കാണിച്ച കേരളത്തിലെ പോലീസിന് ഈ ബോംബ് സ്ഫോടനത്തിന്റെ കാരണം കണ്ടെത്തുവാൻ സാധിക്കില്ലേ? കുറ്റം ആരുടേതാണ്? കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടേതാണ്. ഉദ്യോഗസ്ഥന്മാരുടെ കൈകൾ കെട്ടി. റെയ്ഡിനുവേണ്ടി സി.പി.എം. ഓഫീസിലേക്ക് പോകുമ്പോൾ അവരെ വിലക്കുന്നു. നിങ്ങൾ റെയ്ഡ് അവസാനിപ്പിച്ചു. പാനൂരിൽ ഉണ്ടായ സംഭവവും ഇന്നലെ ഉണ്ടായ സംഭവവും സി.പി.എമ്മിന്റെ ബ്രാഞ്ച് സെക്രട്ടറിമാരുടെ വീടുകളിലാണ്. ഇപ്പോൾ ചൂണ്ടിക്കാണിക്കുന്ന സംഭവങ്ങൾ നിങ്ങൾക്കുള്ള ഗുരുതരമായ പങ്കാളിത്തം വിളിച്ചറിയിക്കുന്നുവെന്ന് ഓർക്കണം. രണ്ടു പിഞ്ച് കുഞ്ഞുങ്ങളായ ഷിബിനും ഷിജിനും ബ്രാഞ്ച് സെക്രട്ടറി ചന്ദ്രന്റെ മക്കളാണ്. അവരുടെ ജീവിതം അപകടത്തിലായിരിക്കുന്നു. എത്രയോ ദാരുണമായ ചിത്രമാണ് മാതൃഭൂമി പത്രത്തിന്റെ 1-ാം പേജിൽ കാണുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ കഠാരരാഷ്ട്രീയത്തിന്, അക്രമത്തിന്, കൊലപാതക രാഷ്ട്രീയത്തിന് അടിമപ്പെടുന്നത് പാവപ്പെട്ട കുഞ്ഞുങ്ങളാണ്. അവരുടെ കുഞ്ഞുങ്ങൾ തന്നെ. ഈ സാഹചര്യം അവസാനിപ്പിക്കണം. ഈ സംഭവവികാസങ്ങൾ വലിയ മുന്നറിയിപ്പാണ്. കണ്ണൂർ ഇപ്പോൾ ശാന്തമാണ്. കണ്ണൂർ ആളിക്കത്തുന്ന ഒരു അഗ്നികുണ്ഡമായി മാറാൻ പാടില്ല. എന്നും സംഭവങ്ങൾ ഉണ്ടാകും. ഒരാഴ്ച സമാധാനമായിരിക്കും പിറ്റേ ആഴ്ച സംഘർഷം ഉണ്ടാകുന്നു. ആ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കുവാൻ, കണ്ണൂരിൽ നിർത്തിവച്ച ബോംബ് തെരച്ചിൽ വീണ്ടും ആരംഭിക്കണം. ഉദ്യോഗസ്ഥന്മാരുടെ കൈകൾ കെട്ടാതെ അവർക്ക് സ്വാതന്ത്ര്യം നൽകണം. ശ്രീ. വിൻസന്റ് പോളിനെ പിൻവലിച്ച് റെയ്ഡ് നിർത്തിയ സാഹചര്യം ഇനിയും ഉണ്ടാകുവാൻ പാടില്ല. അതു കൊണ്ട് കണ്ണൂരിൽ പോലീസിന് സ്വാതന്ത്ര്യം നൽകി, ബോംബ് സ്കാഡിനെ വീണ്ടും നിയോഗിച്ച് അന്വേഷണം നടത്തി, മുഖംനോക്കാതെ, രാഷ്ട്രീയ പക്ഷഭേദമില്ലാതെ അന്വേഷിക്കുവാൻ തയ്യാറായാൽ കണ്ണൂർ ശാന്തമാകും. ഇത്തരം സംഭവങ്ങൾ നാളെ ചർച്ചചെയ്യാനുള്ള സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ഇപ്പോഴുണ്ടായ സംഭവങ്ങൾ ഒരു മുന്നറിയിപ്പായി കരുതി, ഒരു ചുവരെഴുത്തായി കരുതി സഭ നിർത്തിവച്ച് ഈ കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ബഹുമാനപ്പെട്ട അംഗം ഒടുവിൽ പറഞ്ഞത് കണ്ണൂരിൽ ബോംബ് സ്കാഡിന്റെ പ്രവർത്തനം നിർത്തിവച്ചു എന്നാണ്. അതു വസ്തുതകൾക്ക് വിരുദ്ധമാണ്. അദ്ദേഹത്തിനു അതിനെപ്പറ്റി അറിയാത്തതുകൊണ്ടായിരിക്കും. ഡി.ഐ.ജി.യുടെ ബോംബ് തെരച്ചിൽ സ്കാഡ് ഇപ്പോഴും അവിടെ നിലനില്ക്കുകയാണ്, അവിടെ പ്രവർത്തിക്കുകയാണ്, തെരച്ചിൽ തുടരുകയാണ്. പല ബോംബുകളും കണ്ടെത്തുന്നതിനെ സംബന്ധിച്ച് ബഹു. കെ.സി.ജോസഫ് ശ്ലാഘിച്ചു. ആർ.എസ്.എസ്.കാരുടെ കൈയിലുള്ള ബോംബ്, സി.പി.എം. കാരുടെ കൈയിലുള്ള ബോംബ്, ഇതു കണ്ടുപിടിക്കുന്ന വിദഗ്ദ്ധ സംഘത്തെ പിൻവലിച്ചു എന്ന് പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞു എന്നുമാത്രം. അവിടെ വിദഗ്ദ്ധർ തെരച്ചിൽ തുടർന്ന് കണ്ടെത്തുന്നുണ്ട്. പാനൂരും പരിസരവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡി.വൈ. എസ്.പി.യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ സബ്ഡിവിഷൻ അവിടെ രൂപീകരിച്ച് ഇപ്പോഴും പ്രവർത്തിക്കുകയാണ്. അതു സ്ഥിരമായ സംവിധാനമാക്കി മാറ്റിയിട്ടുണ്ട്, അവിടത്തെ സ്ഥിതി മെച്ചപ്പെടുത്താൻ വേണ്ടി. അതുകൊണ്ട് കുറെ സംഘർഷം അവിടെ ഒഴിവായിട്ടുണ്ട്. എന്നതിൽ ആർക്കും തർക്കിക്കുവാൻ പറ്റില്ല. ഒറ്റപ്പെട്ട സംഭവം ഇല്ലെന്നല്ല പറഞ്ഞത്. പക്ഷേ പൊതുവായുള്ള സംഭവം ഇല്ലല്ലോ..... (ബഹളം)..... ഞാൻ പറയട്ടെ, ഞാൻ പറയുന്നത് കേൾക്കണ്ടേ? ഒരു പ്രമേയം അവതരിപ്പിച്ചാൽ അർഹിക്കുന്ന ഗൗരവത്തോ

LIBRARY ARCHIVES Kerala Legislative Assembly

ടുകൂടി ഗവൺമെന്റ് അതിനെ കാണുന്നുണ്ട്. എന്നിട്ട് അതിനു മറുപടി പറയുമ്പോൾ ദയവുചെയ്ത് ഇന്റർപ്റ്റ് ചെയ്യരുത്. അതിന്റെ സീരിയസ്നെസ് ആകെ പോകും, ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ബഹളംവച്ചാൽ, മറുപടി കേൾക്കണ്ടേ; ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലെന്ന് ഞാൻ പറഞ്ഞില്ല. ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്. പക്ഷേ ജനറലായിട്ടുള്ള കുഴപ്പം തീർന്നിട്ടുണ്ട്. അവിടെ എല്ലാ മാസവും സമാധാന കമ്മിറ്റി ചേരുന്നുണ്ട്. ഈ മാർച്ച് മാസം പോലും കൂടിക്കഴിഞ്ഞു. ഇന്നുവരെ സമാധാന കമ്മിറ്റിയുടെ റഗുലർ മീറ്റിംഗ് നടക്കുകയാണ്. അസിസ്റ്റ് ചെയ്യുന്നുണ്ട്. ഇന്നുവരെ ഒരു രാഷ്ട്രീയ പാർട്ടിയും ആ സമാധാന കമ്മിറ്റിയുടെ പ്രവർത്തനത്തിന് എതിരായി ഒരു അക്ഷരംപോലും ആവലാതിയായി ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. അതിന്റെ അർത്ഥം സമാധാന കമ്മിറ്റി ശരിക്ക് പ്രവർത്തിക്കുന്നുണ്ട് എന്നാണ്..... (ബഹളം)..... ഞാൻ പറയട്ടെ, ഞാൻ ശ്രീ. കെ.സി. ജോസഫ് പറഞ്ഞതിനാണ് മറുപടി പറയുന്നത്. അത് എല്ലാപേരും കേൾക്കണം ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരംഗം പറയുവാൻ പാടില്ലാത്ത ഒരു കാര്യം പറഞ്ഞു. മുഖ്യമന്ത്രിയും ആർ.എസ്.എസ്. കാരും കൂടി തനിച്ചിരുന്ന് ഗൂഢാലോചന നടത്തിയെന്ന്. എന്നിട്ട് പരസ്പരം വധിക്കലും! ഗൂഢാലോചന നടത്തി ആർ.എസ്.എസ്.കാർ, സി.പി.എം.കാരെ കൊല്ലുന്നു, സി.പി.എം.കാർ ആർ.എസ്.എസ്.കാരെ കൊല്ലുന്നു. ഗൂഢാലോചനയുടെ അവസാനം അതാണ്! അതൊക്കെ എത്ര ലാഘവത്തോടുകൂടിയാണ്! ഒരു കട്ടൻകാപ്പി കുടിക്കുന്ന ലാഘവത്തോടുകൂടിയാണ് പറഞ്ഞത്. Making a mountain out of a molehill. എന്നിട്ട് ഗൂഢാലോചനയുടെ ഫലം എന്താണ്? ഞങ്ങളുടെ ആൾ മരിക്കലും! അതിനുവേണ്ടിയാണോ ഗൂഢാലോചന നടത്തിയത്? ഇപ്പോൾ എനിക്കുള്ള ഒരു അപേക്ഷ, ഗവൺമെന്റിനുവേണ്ടി പറയുന്നത്, ദയവായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കുവാൻ പാടില്ല, കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. കുറ്റക്കാരെ പിടിക്കും.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ആരാണ് ഉത്തരവാദികൾ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ആരാണ് ഉത്തരവാദികൾ എന്നത് പോലീസിന്റെ ഇൻവെസ്റ്റിഗേഷനിലാണ് തെളിയുന്നത്. നിങ്ങൾക്ക് ആവശ്യമുള്ള ആളിന്റെ പേരിൽ നടപടി എടുക്കുവാൻ പറ്റുമോ? ഇൻവെസ്റ്റിഗേഷൻ നടത്തി കുറ്റവാളികൾ ആരായാലും അവരെ പിടിക്കും. ഒരു രാഷ്ട്രീയ പരിഗണനയും ഇല്ലാതെ, മുഖം നോക്കാതെ, കുറ്റവാളികൾ ആരായാലും ഗവൺമെന്റ് കൈകാര്യം ചെയ്യും, അവരെ മാതൃകാപരമായി ശിക്ഷിക്കും. അതിനു യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇത് വലിയൊരു പരസ്യ വിവാദമാക്കി പ്രശ്നം പരപ്പിക്കാതെ പ്രതിപക്ഷം സഹകരിക്കുകയാണ് വേണ്ടത്. അത് അഭ്യർത്ഥിച്ചുകൊണ്ട്, ഒരു അപകട സ്ഥിതിയും അവിടെയില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവും ഇല്ല, എന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u> : ബഹു. മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly